# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്താൻ പദ്ധതി

1766 ശ്രീ. കെ. മുരളീധരൻ
,, വി.റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പദ്ധതി വഴി പഞ്ചായത്തുകൾക്കും ജനങ്ങൾക്കും ലഭ്യമാകുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം മാനദണ്ഡങ്ങളാണ് ഐ.എസ്.ഒ. നിലവാരം ലഭ്യമാകാൻ പഞ്ചായത്തുകൾ പാലിക്കേണ്ടത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളുടെ പ്രവര്‍ത്തനം

1767 ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഗ്രാമപഞ്ചായത്തുകളില്‍ നിന്നു സേവനം ലഭിക്കേണ്ട വിഷയങ്ങളില്‍ ജീവനക്കാരുടെ അഭാവം മൂലം ജനങ്ങള്‍ ബുദ്ധിമുട്ടുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇതു പരിഹരിക്കാന്‍ അടിയന്തിര നടപടികള്‍ കൈക്കൊള്ളുമോ;

(സി) ഗ്രാമപഞ്ചായത്തുകളില്‍ റവന്യൂ, ഭരണം എന്നീ വിഭാഗങ്ങളാക്കി പ്രവര്‍ത്തിപ്പിക്കാന്‍ നടപടി സ്വീകരിക്കുമോ;

(ഡി) പത്ത് വര്‍ഷം സര്‍വ്വീസുള്ള താല്‍ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താന്‍ സത്വരനടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പഞ്ചായത്ത്തല ജാഗ്രതാ സമിതികള്‍</u>

1768 ശ്രീ. എം. എ. വാഹീദ്
,, വി. പി. സജീന്ദ്രന്‍
,, ഡൊമിനിക് പ്രസന്റേഷന്‍
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളില്‍ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെ പ്രവര്‍ത്തനങ്ങള്‍ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) കുട്ടികള്‍ക്കെതിരായ പീഢനങ്ങള്‍ ഒഴിവാക്കുന്നതിന് ജാഗ്രതാ സമിതികളെ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇതു സംബന്ധിച്ച പഠനറിപ്പോര്‍ട്ടിന് അംഗീകാരം നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതു നടപ്പാക്കുന്നതിന് ബന്ധപ്പെട്ട നിയമങ്ങളില്‍ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. അംഗീകാരം</u>

1769 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളുടേയും സേവനങ്ങളുടേയും നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഓരോ ജില്ലയിലെയും തെരെഞ്ഞെടുക്കപ്പെട്ട 10 പഞ്ചായത്തുകൾ വീതം ആദ്യഘട്ടത്തിൽ ഐ.എസ്.ഒ അംഗീകാരം തേടുമെന്ന പ്രഖ്യാപനം നടപ്പാക്കിയോ;

(ബി) പ്രഖ്യാപനം നടപ്പാക്കാനായി എന്ത് തുക നീക്കിവച്ചിരുന്നു; ഇതിൽ എന്ത് തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ;

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പഞ്ചായത്ത് വകുപ്പിലെ പദ്ധതി വിഹിതച്ചെലവ്</u>

1770 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിന് 2013-2014 സാമ്പത്തികവർഷത്തിൽ പദ്ധതി വിഹിതമായി ബഡ്ജറ്റിൽ എത്ര രൂപയാണ് വകകൊള്ളിച്ചിരുന്നത്;

(ബി) 2013 ഡിസംബർ 31 വരെയുള്ള പദ്ധതിച്ചെലവ് എത്ര രൂപയാണ്;

(സി) ചെലവിന്റെ ശതമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ശുചിത്വ പദ്ധതി

1771 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, റ്റി. എൻ. പ്രതാപൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുചിത്വ പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

2013-14-ൽ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

1772 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2013-14 വർഷം ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി അംഗീകാരം നൽകിയിരുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസനപ്രവർത്തനങ്ങൾക്കായി അംഗീകാരം നൽകിയിരുന്ന തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2013-14 വർഷം നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിരുന്ന പദ്ധതികൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) 2013-14 വർഷം മേൽപ്പറഞ്ഞ പദ്ധതികൾക്കായി അനുവദിച്ച തുകയിൽ 2013 ഡിസംബർ 31 വരെ ചെലവഴിച്ച തുക എത്രയാണെന്ന് പറയാമോ;

(ഇ) ഈ വർഷം പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ടി തുക അനുവദിക്കുന്നതിലും അനുവദിച്ച തുക വിനിയോഗിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ്</u>

1773 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിച്ചെലവു സംബന്ധിച്ച് ഏറ്റവുമൊടുവിൽ അവലോകനം നടത്തിയത് എന്നാണ്; വിശദാംശങ്ങൾ നൽകുമോ;

(ബി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പദ്ധതിയിനത്തിൽ അനുവദിക്കപ്പെട്ട തുകയുടെ എത്ര ശതമാനം ചെലവഴിച്ചു; ജില്ലതിരിച്ചുള്ള കണക്കു ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>തദ്ദേശഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്ററിന്റെ ഡിജിറ്റൈസേഷൻ</u>

1774 ശ്രീ. എം. പി. വിൻസെന്റ്
,, ആർ. ശെൽവരാജ്
,, ബെന്നി ബെഹനാൻ
,, ടി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പദ്ധതി മുഖാന്തിരം പഞ്ചായത്തുകൾക്കും ജനങ്ങൾക്കും ലഭ്യമാക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

എസ്.സി.പി. ഫണ്ട് വിനിയോഗത്തിലെ കുറവ്

1775 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എസ്.സി.പി ഫണ്ട് വിനിയോഗത്തിലുണ്ടാകുന്ന കുറവ് സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഉത്തരവുമൂലം ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാത്ത സാഹചര്യമുണ്ടാകുമെന്ന് ചൂണ്ടിക്കാണിച്ചപ്പോൾ അവ പരിശോധിക്കുവാൻ എം.എൽ.എ. മാർക്ക് അവസരം നൽകുമെന്ന് പഞ്ചായത്ത് വകുപ്പ് മന്ത്രി നൽകിയ വാഗ്ദാനം നടപ്പാക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>വിദേശത്ത് വച്ചുള്ള മരണം - രജിസ്ട്രേഷൻ വ്യവസ്ഥകൾ</u>

1776

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് മരണപ്പെട്ട വ്യക്തികളുടെ മരണം രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ എന്തെല്ലാം വ്യവസ്ഥകളാണ് ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) വിദേശത്ത് മരണപ്പെടുന്നവരുടെ മരണം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യാൻ വ്യവസ്ഥകളിൽ ഇളവ് ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>കുളങ്ങളുടെ സംരക്ഷണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി</u>

1777

ശ്രീ. സണ്ണി ജോസഫ്
,, പാലോട് രവി
,, ലൂഡി ലൂയിസ്
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെ സംരക്ഷണം തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്; വിവരിക്കുമോ;

(സി) ഏതെല്ലാം കേന്ദ്ര - സംസ്ഥാന പദ്ധതികളിൽപ്പെടുത്തിയാണ് സംരക്ഷണം ഉറപ്പ് വരുത്താൻ നിർദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശ സ്ഥാപനതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കുടുംബശ്രീ മിഷൻ ഫണ്ട് വിനിയോഗം

1778 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 വർഷത്തിൽ കുടുംബശ്രീ മിഷൻ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുകയിൽ ഓണറേറിയം, പരിശീലനം, പ്രിന്റിംഗ്, സ്റ്റേഷനറി, ഓഫീസ് ചെലവുകൾ, മറ്റിനം എന്നീ ഇനങ്ങളിൽ ഓരോന്നിലും എന്ത് തുക വീതം ചെലവായി എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

'സ്നേഹിത' പദ്ധതി

1779 ശ്രീ. കെ. ശിവദാസൻ നായർ
,, കെ. മുരളീധരൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് 'സ്നേഹിത' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ആർക്കെല്ലാമാണ് പദ്ധതി വഴി ആശ്വാസം ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് സ്ത്രീകൾക്ക് പദ്ധതിയിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമെന്നറിയിക്കുമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>കുടുംബശ്രീ അംഗങ്ങൾക്ക് ഹോം നേഴ്സിംഗ് രംഗത്തേക്ക് പ്രവേശിക്കാനുള്ള പദ്ധതി</u>

1780 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അംഗങ്ങൾക്ക് ഹോം നേഴ്സിംഗ് രംഗത്തേക്ക് പ്രവേശിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) രോഗ പരിചരണത്തിനും വയോജനങ്ങൾക്ക് സഹായമെത്തിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>കുടുംബശ്രീ ട്രാവൽസിന്റെ പ്രവർത്തനം</u>

1781 ശ്രീ. വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ട്രാവൽസിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സ്ത്രീകളുടെ യാത്ര സുരക്ഷിതമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്തുടനീളം ഇത് വ്യാപിപ്പിക്കുന്നകാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

'പുര' പദ്ധതി

T.1782 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'പുര' പദ്ധതി ഏതൊക്കെ പഞ്ചായത്തുകളിലാണ് നടപ്പിലാക്കുവാൻ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്നും എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) നാട്ടിക മണ്ഡലത്തിലെ തളിക്കുളം പഞ്ചായത്തിനെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത പഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങൾക്ക് എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) തളിക്കുളത്ത് പ്രസ്തുത പദ്ധതി പ്രകാരം നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും എന്തു തുക ഇതിനകം ചെലവഴിച്ചുവെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളുടെ വാര്‍ഷിക പദ്ധതി</u>

1783 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 2012-13 വാര്‍ഷിക പദ്ധതിയില്‍ ഉള്‍പ്പെട്ടിരുന്ന കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെ ഇനിയും പൂര്‍ത്തീകരിക്കപ്പെടാത്ത പ്രവൃത്തികളുടെ പേര്, അടങ്കല്‍ തുക, നിലവിലെ സ്ഥിതി എന്നിവ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പഞ്ചായത്തിന്റെ 2013-14 വാര്‍ഷിക പദ്ധതിയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ള, കൊട്ടാരക്കര നിയോജകമണ്ഡലത്തില്‍പ്പെടുന്ന 8 പഞ്ചായത്തുകളിലെ പ്രവൃത്തികളുടെ പേര്, അടങ്കല്‍ തുക, നിലവിലെ സ്ഥിതി എന്നിവ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>തൃശ്ശൂർ ജില്ലയിലെ തെരുവ് നായ്ക്കളുടെ ആക്രമണം</u>

1784 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഈ അടുത്ത കാലത്തായി തെരുവ് നായ്ക്കൾ ജനങ്ങളെ ആക്രമിക്കുന്നതും, കടിച്ചു പരിക്കേൽപ്പിക്കുന്നതുമായ സംഭവങ്ങൾ കൂടി വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വിനോദ നികുതി ഇളവ് ലഭിച്ച സ്ഥാപനങ്ങളും സംഘടനകളും</u>

1785 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ രണ്ട് വര്‍ഷം തുടര്‍ച്ചയായി വിനോദ നികുതി ഇളവ് ലഭ്യമായ സ്ഥാപനങ്ങളും, കലാ-കായിക-സാംസ്കാരിക സംഘടനകളും ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പരിപാടികള്‍ സംഘടിപ്പിക്കുന്നതിനാണ് ഈ സംഘടനകള്‍ക്ക് വിനോദ നികുതി ഇളവ് ചെയ്തതെന്ന് പട്ടിക തിരിച്ച് വിവരം നല്‍കുമോ;

(സി) തുടര്‍ച്ചയായി രണ്ടു വര്‍ഷവും അതിലധികവും തവണ വിനോദ നികുതി ഇളവ് ചെയ്ത സംഘടനകളുടെ വാര്‍ഷിക വരുമാനവും മറ്റും ഏതെങ്കിലും സര്‍ക്കാര്‍ ഏജന്‍സി പരിശോധിക്കാറുണ്ടോ; വിശദാംശങ്ങള്‍ നല്‍കുമോ;

(ഡി) ഓരോ പ്രാവശ്യവും വിനോദ നികുതിയിളവ് അനുവദിച്ച പ്രദര്‍ശനത്തിന്റെ വരവ്-ചെലവ് കണക്കുകള്‍ തദ്ദേശഭരണ സ്ഥാപനങ്ങള്‍ പരിശോധിക്കാറുണ്ടോ; എങ്കില്‍ ഓരോ വര്‍ഷത്തേയും വിശദാംശങ്ങള്‍ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) വിനോദ നികുതിയിളവ് മൂലം സമാഹരിച്ച തുക ഈ സംഘടനകള്‍ എങ്ങിനെ വിനിയോഗിക്കുന്നുവെന്ന് പരിശോധിക്കുവാന്‍ ജില്ലാ തലത്തില്‍ ഒരു കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>അമ്യൂസ്മെന്റ് പാർക്കുകൾക്ക് വിനോദ നികുതി</u>

1786 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദ നികുതി ഈടാക്കുന്നതിൽ നിന്ന് ഏതെങ്കിലും അമ്യൂസ്മെന്റ് പാർക്കുകളെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(സി) വിനോദ നികുതി ഈടാക്കുന്നത് ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) വിനോദ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട അമ്യൂസ്മെന്റ് പാർക്കുകൾ ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>തീരദേശ നിയമം ലംഘിച്ചുള്ള കെട്ടിടങ്ങൾ</u>

1787 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലനനിയമം നടപ്പിലാക്കിയതിന് ശേഷം (19.02.1991) വിവിധ ഗ്രാമപഞ്ചായത്തുകളിൽ എത്ര വാസഗൃഹങ്ങൾ പ്രസ്തുത നിയമം ലംഘിച്ച് നിർമ്മിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ നിയമംലംഘിച്ച് തീരദേശത്ത് നിർമ്മിക്കപ്പെട്ട വാസഗൃഹങ്ങൾ പൊളിച്ച് നീക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇത്തരത്തിൽ പൊളിച്ച് നീക്കപ്പെടുന്ന വീടുകളിലെ താമസ്സക്കാരെ പുനരധിവസിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പൂച്ചാംകുന്ന് കുടിവെള്ള പദ്ധതി</u>

1788 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തവന്നൂർ മണ്ഡലത്തിൽപ്പെട്ട കാലടി പഞ്ചായത്തിലെ പൂച്ചാംകുന്ന് പ്രദേശത്ത് കുടിവെള്ള പദ്ധതി നടപ്പാക്കാനായി വരൾച്ചാ ദുരിതാശ്വാസ നിധിയിൽ നിന്നും ജില്ലാ കളക്ടർ തുക അനുവദിച്ചിരുന്നോ;

(ബി) എങ്കിൽ എത്ര രൂപയ്ക്കുള്ള പ്രവൃത്തിയായിരുന്നു അനുവദിച്ചിരുന്നത്;

(സി) ഈ പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നു വിശദമാക്കാമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കെട്ടിട നമ്പര്‍ നല്കാന്‍ നടപടി

1789 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ നെന്മണിക്കര പഞ്ചായത്തില്‍ ചാമക്കാലയില്‍ കെട്ടിടനമ്പര്‍ നല്‍കിയിട്ടില്ലായെന്ന കാര്യം അറിയുമോ ;

(ബി) കെട്ടിട നമ്പര്‍ നല്‍കുവാന്‍ നിലവില്‍ എന്താണ് തടസ്സം എന്ന് വിശദമാക്കാമോ ;

(സി) തടസ്സം നീക്കി റോഡിനായി സ്ഥലം നല്‍കിയ എട്ട് വീട്ടുകാര്‍ക്ക് വീട്ടു നമ്പര്‍ നല്‍കുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>കെട്ടിട നമ്പര്‍ നല്‍കാന്‍ നടപടി</u>

1790 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചാത്തമംഗലം ഗ്രമപഞ്ചായത്തിലെ ഈഗ്ള്‍ പ്ലാന്റേഷന്‍ കോളനിയില്‍ ഭൂമി പതിച്ചു കിട്ടിയവരില്‍ എത്ര പേര്‍ക്കാണ് കെട്ടിട നമ്പറുകള്‍ നല്‍കിയിട്ടുള്ളതെന്നും കെട്ടിട നമ്പര്‍ നല്‍കുന്നതിന് അവശേഷിക്കുന്ന എത്ര വീടുകളാണുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) കൈവശക്കാര്‍ക്ക് ആനുകൂല്യങ്ങള്‍ ലഭിക്കുന്നതിന് എല്ലാ വീടുകള്‍ക്കും നമ്പരിട്ടു നല്‍കാന്‍ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നിര്‍ദ്ദേശം നല്‍കാന്‍ തയ്യാറാവുമോ;

(സി) പ്ലാന്‍ കൂടാതെ നിര്‍മിച്ച കെട്ടിടങ്ങള്‍ക്ക് നമ്പര്‍ ലഭ്യമാക്കാന്‍ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കില്‍ ആയതിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പഞ്ചായത്ത് ഡയറക്റ്ററേറ്റ് ആസ്ഥാന മന്ദിരനിർമ്മാണം</u>

1791 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഡയറക്റ്ററേറ്റ് ഇപ്പോൾ എവിടെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഡയറക്റ്ററേറ്റിന്റെ ആസ്ഥാനത്തിനായി മറ്റ് എവിടെയെങ്കിലും കെട്ടിടം പണി നടക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ എപ്പോഴാണ് പ്രവൃത്തി ആരംഭിച്ചതെന്നും വ്യക്തമാക്കാമോ ; ഈ കെട്ടിടത്തിന് എന്തെങ്കിലും പേര് നല്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) കെട്ടിടത്തിന്റെ പണി ഏതു ഘട്ടത്തിലാണ് എന്നും ഇതു വരെ എത്ര രൂപ ചെലവഴിച്ചെന്നും വ്യക്തമാക്കുമോ ;

(ഡി) എപ്പോൾ പണി പൂർത്തിയാക്കി ഡയറക്റ്ററേറ്റ് പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ഗ്രാമസഭകള്‍ ചേരാന്‍ സ്കൂള്‍ കെട്ടിടം അനുവദിക്കുന്നില്ലെന്ന പരാതി</u>

1792 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമസഭ വിളിച്ച് ചേര്‍ക്കുന്നതിന് ഗ്രാമപഞ്ചായത്ത് പരിധിയിലെ ഗവണ്‍മെന്റ്, എയിഡഡ് സ്കൂളുകള്‍ അനുവദിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കില്‍ പ്രസ്തുത ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ ;

(ബി) ഗ്രാമസഭകള്‍ ചേരുന്നതിന് എയിഡഡ് സ്കൂളുകള്‍ അനുവദിക്കുന്നില്ല എന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തില്‍ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(സി) പേരാമ്പ്ര ഗ്രാമപഞ്ചായത്തില്‍ നിന്നും ഇത്തരത്തില്‍ പരാതി ലഭിച്ചിട്ടുണ്ടോയെന്നും ഇക്കാര്യത്തില്‍ സ്വീകരിച്ച നടപടി എന്തെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ</u>

1793 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൻ കീഴിൽ തിരുവനന്തപുരത്ത് വാടക കെട്ടിടത്തിൽ പ്രവൃത്തിക്കുന്ന സർക്കാർ കാര്യാലയങ്ങൾ ഏതൊക്കെയാണെന്നും വാടക ഇനത്തിൽ പ്രതിമാസം എന്തു തുക വീതം ചെലവ് വരുമെന്നും വിശദമാക്കാമോ;

(ബി) 'സ്വരാജ് ഭവൻ' നിർമ്മാണം പൂർത്തിയായതിന് ശേഷവും അവിടത്തേക്ക് അലോട്ട്മെന്റ് ലഭിച്ച ഏതെല്ലാം സ്ഥാപനങ്ങളാണ് ഇപ്പോഴും വാടക കെട്ടിടത്തിൽ തന്നെ തുടരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 'സ്വരാജ് ഭവനിൽ' അലോട്ട്മെന്റ് ലഭിച്ച എല്ലാ സർക്കാർ ഓഫീസുകളും നിശ്ചിത തീയതിക്കകം വാടക കെട്ടിടം വിടണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>ജനന സർട്ടിഫിക്കറ്റ് വിതരണ നടപടി ലഘൂകരിക്കാൻ നടപടി</u>

1794 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസപരമായും, സാമൂഹ്യമായും പിന്നോക്കമായ വിഭാഗങ്ങളുടെ കുട്ടികൾക്ക് വിവിധാവശ്യങ്ങൾക്ക് ജനന സർട്ടിഫിക്കറ്റിനപേക്ഷിക്കുമ്പോൾ, നിയമവ്യവസ്ഥകളിലെ തടസ്സങ്ങൾ ചൂണ്ടിക്കാട്ടി രേഖകൾ നിഷേധിക്കുന്നതു മൂലം അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വീടുകളിൽ നടക്കുന്ന പ്രസവം അജ്ഞതകൊണ്ട് യഥാസമയം രജിസ്റ്റർ ചെയ്യാൻ സാധിക്കാതെ വന്നാൽ അത്തരക്കാർക്ക് പിൽക്കാലത്ത് രജിസ്റ്റർ ചെയ്യുന്നതിനും സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള നടപടി ക്രമം വ്യക്തമാക്കുമോ;

(സി) ജനനസർട്ടിഫിക്കറ്റിൽ തിരുത്ത് ആവശ്യമായി വരുമ്പോൾ അതിനുള്ള അപേക്ഷയോടൊപ്പം അച്ഛന്റെയും അമ്മയുടെയും സ്കൂൾ സർട്ടിഫിക്കറ്റും ഹാജരാക്കിയിരിക്കണമെന്ന വ്യവസ്ഥയുണ്ടോ; സ്കൂളിൽ ഔപചാരിക പഠനം നടത്തിയിട്ടില്ലാത്ത അച്ഛനമ്മമാരുടെ സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന നിബന്ധന തിരുവനന്തപുരം കോർപ്പറേഷനിൽ കൈക്കൂലിക്ക് ഇടയാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) സ്കൂൾ പഠനം നടത്തിയിട്ടില്ലാത്ത പ്രായംചെന്ന അച്ഛനമ്മമാരുടെ കാര്യത്തിൽ, വില്ലേജ് ഓഫീസർ അതു സംബന്ധിച്ച് സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന ഔചിത്യമില്ലാത്ത ആവശ്യം ചില മുൻസിപ്പൽ കോർപ്പറേഷൻ ഓഫീസുകളെങ്കിലും ഉന്നയിക്കുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>ജനന സര്‍ട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങള്‍</u>

1795 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശഭരണസ്ഥാപനങ്ങളില്‍ നിന്നും ജനന സര്‍ട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങള്‍ വിശദമാക്കാമോ;

(ബി) ജനനം രജിസ്റ്റര്‍ ചെയ്തിട്ട്, വര്‍ഷങ്ങള്‍ക്ക് ശേഷം ജനന സര്‍ട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ഏതെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത്;

(സി) യഥാസമയം രജിസ്റ്റര്‍ ചെയ്യാന്‍ കഴിയാത്തവര്‍ക്ക് വിദ്യാഭ്യാസ-ജോലി ആവശ്യങ്ങള്‍ക്ക് ജനന സര്‍ട്ടിഫിക്കറ്റ് ലഭിക്കുവാന്‍ എന്താണ് നടപടിയെന്ന് വിശദമാക്കാമോ;

(ഡി) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം, ഇത്തരത്തില്‍ ജനന സര്‍ട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ആവശ്യക്കാര്‍ സര്‍ക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കില്‍ എത്ര പേര്‍; ഇക്കാര്യത്തില്‍ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഇ) ജനന സര്‍ട്ടിഫിക്കറ്റ് നല്‍കുന്നതിനുള്ള മാനദണ്ഡങ്ങള്‍ പരിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ;

(എഫ്) മുഖ്യമന്ത്രിയുടെ കണ്ണൂര്‍ ജില്ലയിലെ ജനസമ്പര്‍ക്കത്തില്‍ പയ്യന്നൂരില്‍ നിന്നുള്ള ബേബി വിനോദിനിയുടെ അപേക്ഷ എന്തിനുവേണ്ടിയുള്ളതായിരുന്നു; ഇക്കാര്യത്തില്‍ തീരുമാനം എന്തായിരുന്നുവെന്നറിയിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കീഴരിയൂര്‍ പഞ്ചായത്ത് സ്റ്റാന്‍ഡിംഗ് കമ്മിറ്റി
ചെയര്‍മാനായിരുന്ന വ്യക്തിക്ക് ചികിത്സാധനസഹായം</u>

1796 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കീഴരിയൂര്‍ പഞ്ചായത്ത് സ്റ്റാന്‍ഡിംഗ് കമ്മിറ്റി ചെയര്‍മാനായിരുന്ന അമ്പിളി രാഘവന് ചികിത്സാ ധനസഹായമായി 10,000 രൂപ വീതം കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകളുടെ തനത് ഫണ്ടില്‍ നിന്നും അനുവദിക്കണമെന്ന് അഭ്യര്‍ത്ഥിച്ചുകൊണ്ട് വകുപ്പുമന്ത്രിക്ക് ആരെങ്കിലും കത്ത് നല്കിയിരുന്നോ എന്നും ഇക്കാര്യത്തില്‍ എന്തെങ്കിലും ഉത്തരവ് നല്കിയിരുന്നോ എന്നും വ്യക്തമാക്കുമോ ;

(ബി) ഉത്തരവ് നല്കിയിട്ടുണ്ടെങ്കില്‍ എന്നാണ് നല്കിയതെന്നും പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കില്‍ എന്തുകൊണ്ടാണ് നടപ്പിലാക്കാതിരുന്നതെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കേരളത്തിലെ ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ</u>

1797 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ ഏർപ്പെടുത്തിയാൽ എത്ര രൂപ ബാധ്യത ഉണ്ടാവുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടെങ്കിൽ മുൻ അംഗങ്ങളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>മുൻ മെമ്പർമാർക്ക് ആനുകൂല്യങ്ങൾ</u>

1798 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാപഞ്ചായത്ത് മെമ്പർമാർക്ക് സർക്കാർ എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(ബി) മുൻ പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാപഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ നൽകുവാൻ ആലോചിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ;

(സി) മുൻ മെമ്പർമാർക്ക് ഓഫീസുകളിൽ പ്രവേശനത്തിന് പ്രത്യേക തിരിച്ചറിയൽ കാർഡുകൾ നൽകുവാൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി</u>

1799 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്ത് ഓഫീസുകളിൽ വർഷങ്ങളായി ജോലി ചെയ്തു വരുന്നയാളുകളിൽ ഇനിയും സ്ഥിരപ്പെടുത്താത്ത എത്ര പേർ ഉണ്ടെന്നു പറയാമോ; ഇവരെ സ്ഥിരപ്പെടുത്താത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഓഫീസിലെ നൈറ്റ് വാച്ച്മാൻ തസ്തികയിൽ ജോലി ചെയ്യുന്നയാൾ 1997 മുതൽ ജോലി ചെയ്യുന്നയാളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേ കാലയളവിലും അതിനു ശേഷവും വനിതാ കമ്മീഷൻ, മനുഷ്യാവകാശ കമ്മീഷൻ, സാമൂഹ്യനീതി വകുപ്പ്, വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തുടങ്ങി ഒട്ടേറെ വകുപ്പുകളിൽ താല്ക്കാലിക തസ്തികയിൽ ജോലിയിൽ പ്രവേശിച്ചവരെല്ലാം സ്ഥിരപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ നൈറ്റ് വാച്ച്മാൻ തസ്തികയിൽ 1997 മുതൽ ജോലി ചെയ്യുന്ന ജീവനക്കാരനെ അടിയന്തിരമായി സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) തദ്ദേശസ്വയംഭരണ വകുപ്പിൽ വർഷങ്ങളായി ജോലി ചെയ്യുന്ന നാനൂറ്റി അമ്പതോളം വരുന്ന താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതു സംബന്ധിച്ച തീരുമാനം ഏതുഘട്ടത്തിലാമെന്ന് അറിയിക്കുമോ; ഇവരെ ഉടനെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ഡിസ്പെൻസറികളിൽ പഞ്ചായത്തുകൾ നിയമിച്ച ജീവനക്കാർ

1800 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
നൽകുമോ:

(എ) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളിൽ അതാത് പഞ്ചായത്തുകൾ നിയമിച്ചിരുന്ന ജീവനക്കാർക്ക് എത്ര രൂപ വീതമാണ് വേതനം നൽകുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത്തരം താത്ക്കാലിക ജീവനക്കാരെ യോഗ്യതയുടേയും സേവനകാലത്തിന്റേയും അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഈ രീതിയിൽ എത്ര ജീവനക്കാരെ സംസ്ഥാനത്ത് നിയമിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കുറുവ പഞ്ചായത്ത് വിഭജനം</u>

1801

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറുവ പഞ്ചായത്ത് വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വളരെ വിസ്തൃതവും ജനസംഖ്യ കൂടുതലുള്ളതുമായ കുറുവ പഞ്ചായത്ത് വിഭജിച്ച് പാങ്ങ് ആസ്ഥാനമാക്കി പഞ്ചായത്ത് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>മറ്റത്തൂർ ഗ്രാമപഞ്ചായത്ത് വിഭജനം</u>

1802 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ഭരണപരമായ സൗകര്യത്തിന് വേണ്ടി വിഭജിക്കണം എന്ന കോടതി നിർദ്ദേശം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഇതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ തുടർനടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>അറവുശാലകളുടെ നവീകരണം</u>

1803 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമങ്ങളിലെ അറവുശാലകൾ നിലവാരമുള്ളതാക്കുന്നതിനായി 2013-14-ൽ ബഡ്ജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു;

(ബി) ഇതിൽ എന്ത് തുക ചെലവഴിച്ചു; ഏതെല്ലാം അറവുശാലകൾ നവീകരിക്കാൻ സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ഇതേ ആവശ്യത്തിലേയ്ക്കായി 'അറവുശാലകളുടെ നിർമ്മാണം' എന്ന ഹെഡിൽ 2011-12, 2012-13 വർഷങ്ങളിൽ ബഡ്ജറ്റിൽ എന്ത് തുക വീതം നീക്കിവച്ചിരുന്നു; ഇതിൽ എന്ത് തുക വീതം ഓരോ വർഷവും ചെലവഴിച്ചു എന്നറിയിക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജും ടോയ്‌ലറ്റ് യൂണിറ്റ് നിർമ്മാണവും</u>

1804 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ചമ്പക്കുളം, നെടുമുടി, കൈനകരി പഞ്ചായത്തുകളിൽ ശുചിത്വമിഷന്റെ കീഴിൽ ടോയ്‌ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റിന് പകരം ടോയ്‌ലറ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതിക്ക് അനുയോജ്യമായ സാങ്കേതിക വിദ്യയും നിർവ്വഹണ ഏജൻസിയെയും കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>നിർമ്മൽ പുരസ്കാര തുക</u>

1805 ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ത്രിതല പഞ്ചായത്തുകൾക്ക് ദേശീയ ശുചിത്വ മിഷന്റെ നിർമ്മൽ പുരസ്കാരം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പുരസ്കാര പ്രകാരം ഓരോ സ്ഥാപനങ്ങൾക്കും ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക ഏതെല്ലാം കാര്യങ്ങൾക്കാണ് ഓരോ സ്ഥാപനങ്ങളും വിനിയോഗിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും സ്ഥാപനങ്ങൾ ഈ തുക ചെലവഴിക്കാതിരുന്നിട്ടുണ്ടോ എന്നും എങ്കിൽ ആയതിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കലാഗ്രാമം</u>

1806 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലെയും ഒരു പഞ്ചായത്തിൽ ഒരു കലാഗ്രാമം സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയോ;

(ബി) ഈ പ്രഖ്യാപനം നടപ്പാക്കുന്നതിനായി എന്തു തുകയാണ് ബഡ്ജറ്റിൽ നീക്കിവെച്ചത്; അതിൽ എന്തു തുക ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>ഫോക്‌ലോർ അക്കാദമി</u>

1807 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കണ്ണപുരത്ത് ഫോക്‌ലോർ അക്കാദമി സ്ഥാപിക്കുന്നതിനായി കണ്ണപുരം ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ച അപേക്ഷയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സ്ഥലം വിട്ടുനൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ</u>

1808 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താൻ ഇപ്പോൾ കഴിയാതെ വന്നിട്ടുളളതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാർ ശുചിത്വമിഷൻ വഴിയുളള പ്രവർത്തനങ്ങൾക്ക് നടപ്പുവർഷം (നിർമ്മൽ ഭാരത് അഭിയാൻ ഉൾപ്പെടെ) എന്തു തുക സംസ്ഥാനത്തിന് അനുവദിച്ചു; അതിൽ നാളിതുവരെ എന്തു തുക ചെലവഴിച്ചു;

(സി) ശുചിത്വമിഷൻ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ നടപ്പുവർഷം എന്തു തുക വകയിരുത്തി; അതിൽ നാളിതുവരെ എന്തു തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ഡി) നിലവിൽ ശുചിത്വമിഷൻ പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാം; തസ്തിക തിരിച്ച് വ്യക്തമാക്കുമോ; എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഇ) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അതതു മേഖലകളിലെ ഖര-ദ്രവ മാലിന്യങ്ങളുടെ സംസ്ക്കരണങ്ങൾക്കായി ശുചിത്വമിഷൻ പ്രവർത്തികൾക്ക് എന്ത് തുക കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിച്ചു; എന്തു തുക നാളിതുവരെ ചെലവാക്കി; വ്യക്തമാക്കുമോ;

(എഫ്) അംഗനവാടികളുടെ ശുചിത്വ പരിപാലനം, ശിശു സൗഹൃദ ടോയ്ലെറ്റ് നിർമ്മാണം, വിദ്യാലയ ശുചിത്വ പരിപാടി, വ്യക്തികൾക്ക് കക്കൂസ് നിർമ്മാണം, ആധുനിക അറവുശാലാ നിർമ്മാണം, അക്ഷരമുറ്റം, ശുചിത്വ മുറ്റം എന്നീ പ്രവർത്തനങ്ങൾക്കായി നടപ്പുവർഷം ഓരോന്നിനും എന്തു തുകയുടെ കേന്ദ്ര/സംസ്ഥാന സഹായം ശുചിത്വ മിഷന് ലഭിച്ചു; ആയതിൽ നാളിതുവരെ എന്തു തുക ഓരോന്നിനും ചെലവഴിച്ചു; ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു; വിശദമാക്കുമോ;

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

(ജി) വിവര- വിജ്ഞാപന വ്യാപന പ്രവര്‍ത്തനങ്ങള്‍ക്കായി ശുചിത്വമിഷന് നടപ്പു വര്‍ഷം എന്തു തുകയുടെ കേന്ദ്ര/സംസ്ഥാന സഹായം ലഭിച്ചു; ഏതെല്ലാം പ്രവര്‍ത്തനങ്ങള്‍ക്കായി എന്ത് തുക ചെലവാക്കി; വിശദമാക്കുമോ;

(എച്ച്) ശുചിത്വമിഷന്‍ പ്രവര്‍ത്തനങ്ങള്‍ക്ക് വേണ്ടുന്ന ജീവനക്കാരെ നിയമിച്ച് പ്രവര്‍ത്തനം ഫലപ്രദമാക്കാനും ലഭിക്കുന്ന സാമ്പത്തിക സഹായങ്ങള്‍ ഫലപ്രദമായി ചെലവാക്കാനും എന്തെല്ലാം നടപടികള്‍ സ്വീകരിക്കും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>മാലിന്യസംസ്ക്കരണ പദ്ധതികൾ</u>

1809 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്ത കേരളം പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പുതുതായി എത്ര മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ഖരമാലിന്യസംസ്ക്കരണം</u>

1810 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യസംസ്ക്കരണം വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണു പരിഗണനയിലുള്ളതെന്നു വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തു ശാശ്വതപരിഹാരമാർഗ്ഗമാണു പരിഗണനയിലുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ</u>

1811 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ് എന്ന 2012-13 ലെ ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ഇത്തരത്തിലുള്ള ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ഇതിനായി ശുചിത്വമിഷന് എന്ത് തുക നൽകിയിട്ടുണ്ട്; ശുചിത്വമിഷൻ ഈ ആവശ്യത്തിലേയ്ക്കായി ഇതിൽ നിന്നും എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>മാലിന്യ സംസ്കരണം</u>

1812 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിനായി ബൃഹത്തായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രസ്തുത പദ്ധതി വളരെ നല്ല രീതിയിൽ നടപ്പിലാക്കിയിട്ടുള്ള കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലൂടെ നല്ല രീതിയിൽ നടപ്പിലാക്കാൻ സാമ്പത്തിക സഹായം ലഭ്യമാക്കുമോ; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

സൗജന്യ ടോയ്‌ലെറ്റുകൾ സ്ഥാപിക്കാൻ നടപടി

1813 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യാത്രക്കാർക്ക് വഴിയോരങ്ങളിൽ സൗജന്യ ടോയ്‌ലെറ്റുകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലായിട്ടുണ്ടോ ;

(ബി) എങ്കിൽ അത് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട് ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ സൗജന്യമായതും അല്ലാത്തതുമായ ഇത്തരം ടോയ്‌ലെറ്റുകൾ ഉള്ളത് മാതൃകയാക്കുമോ ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ദുർബല ജനവിഭാഗങ്ങൾക്കായുള്ള പദ്ധതികൾ</u>

1814

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരമേറ്റ ശേഷം ആരംഭിച്ച പദ്ധതികളും മറ്റും വിശദമാക്കുമോ;

(ബി) ഈ വിഭാഗത്തിലുള്ളവർക്കായി നിലവിൽ നൽകിവരുന്ന ധനസഹായത്തിൽ ഏതെല്ലാം വർദ്ധനവ് ഈ സർക്കാർ വരുത്തിയിട്ടുണ്ട്;

(സി) ഇവയുടെ പ്രയോജനങ്ങൾ എത്രപേർക്ക് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വീ-കെയർ പദ്ധതി</u>

1815 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീ-കെയർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തൊക്കെയെന്നു വിശദമാക്കുമോ;

(ബി) ഇതിനായി ഒരുവർഷം എത്ര രൂപയാണു ചെലവഴിക്കുന്നത്; ഈ തുക കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണു സ്വീകരിച്ചിട്ടുള്ളത്;

(സി) പദ്ധതിയിലെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണ്;

(ഡി) ഇതിന്റെ ചുമതല ആർക്കാണ്; ഇതു സംബന്ധിച്ചുള്ള അപേക്ഷകൾ എവിടെയൊക്കെയാണു ലഭിക്കുന്നത്; അപേക്ഷകൾ സ്വീകരിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയൊക്കെ; അപേക്ഷാമാതൃകയടക്കം വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>നിർഭയ പദ്ധതി</u>

1816 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രബജറ്റിൽ വകയിരുത്തിയ നിർഭയഫണ്ടിൽനിന്നും സംസ്ഥാനത്തിന് വിഹിതം ലഭിച്ചിരുന്നോ; ഈ ഫണ്ടിൽനിന്നും ധനസഹായം അഭ്യർത്ഥിച്ച് സംസ്ഥാനം കേന്ദ്രഗവൺമെന്റിന് കത്തെഴുതിയിട്ടുണ്ടോ; എത്ര രൂപയാണ് ആവശ്യപ്പെട്ടത്; ആയതിന് എന്ത് മറുപടിയാണ് ലഭിച്ചത്;

(ബി) പീഡനത്തിന് ഇരയാകുന്ന വനിതകൾക്ക് സാമ്പത്തിക സഹായം നൽകാനും അവരുടെ പുനരധിവാസത്തിനുമായി മുൻബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എത്ര രൂപയാണ് വകയിരുത്തിയത്; അതിൽ എത്ര രൂപ ചെലവഴിച്ചു;

(സി) എത്രപേർക്ക് ഈ പദ്ധതിയുടെ സഹായം ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഇരകളുടെ സംരക്ഷണത്തിനും സഹായഹസ്തം നൽകുന്നതിനും എല്ലാ ജില്ലകളിലും സെല്ലുകൾ സ്ഥാപിക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ സെല്ലുകൾ രൂപീകരിച്ചു; സെല്ലിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം സെല്ലുകളുടെ ഉത്തരവാദിത്വവും ചുമതലകളും നിർവചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>'ആശ്വാസകിരണം' പദ്ധതി</u>

1817 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ 'ആശ്വാസകിരണം' പദ്ധതിയിൽ എന്തു തുക ചെലവഴിച്ചുവെന്നും, എത്രപേർക്ക് ധനസഹായം അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുതപദ്ധതി പ്രകാരം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും, ഇനി എത്ര അപേക്ഷകർക്കുകൂടി ധനസഹായം അനുവദിക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ആശ്രയ പദ്ധതി</u>

1818 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രയ പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങളാണ് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതി നടപ്പിലാക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടോയെന്നും എങ്കിൽ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ഡി) എങ്കിൽ പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ആശ്രയ പദ്ധതി നടപ്പിലാക്കുന്നതിന് കാസർഗോഡ് ജില്ലയിൽ എത്ര ഓഫീസർമാരാണ് ഉള്ളതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

'സ്നേഹപൂർവ്വം' പദ്ധതി

1819 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉറ്റബന്ധുക്കൾ മരിച്ച കുട്ടികളുടെ വിദ്യാഭ്യാസത്തിന് സഹായം നൽകുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള 'സ്നേഹപൂർവ്വം' പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതിയുടെ പ്രയോജനം ലഭിയ്ക്കുന്നതിനായി അപേക്ഷ നൽകേണ്ടതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>സ്നേഹപൂർവ്വം പദ്ധതി</u>

1820 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ സാഹചര്യങ്ങളാൽ ജിവിതം പ്രതിസന്ധിയിലായ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്നതിനായി പ്രതിമാസ ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി വിപുലീകരിച്ചുകൊണ്ട് 22.01.2013 ൽ സാമൂഹ്യനീതി 'സി' വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ്(എം.എസ്) നമ്പർ 06/2013/സാ.നീ.വ. പ്രകാരം എത്ര വിദ്യാർത്ഥികൾക്ക് പുതുതായി ധനസഹായം നൽകുകയുണ്ടായി;

(ബി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച എത്ര അപേക്ഷകർക്ക് മേൽ ഉത്തരവിന്റെയടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് നൽകുകയുണ്ടായി?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി</u>

1821 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ ;

(ബി) ബധിര-മൂകരായ കുട്ടികളെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുന്ന കുട്ടികളുടെ പ്രായ പരിധി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>'ചൈൽഡ് റൈറ്റ് കമ്മീഷൻ'</u>

1822 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചൂഷണവിമുക്തമായ ശിശുസമൂഹം ഉറപ്പാക്കുന്നതിന് വേണ്ടി ശിശുക്കളുടെ അവകാശം സംരക്ഷിക്കുന്നത് 'ചൈൽഡ് റൈറ്റ് കമ്മീഷൻ' ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇതിനു വേണ്ടി നാളിതുവരെ ഈ സർക്കാർ എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്നറിയിക്കുമോ;

(സി) നാളിതുവരെ പ്രസ്തുത കമ്മീഷൻ ആരംഭിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) എന്ത് തുക ഇതുമായി ബന്ധപ്പെട്ട് ചെലവഴിച്ചുവെന്നും ഏതെല്ലാം ഇനത്തിലാണ് ആയത് ചെലവിട്ടതെന്നും വ്യക്തമായി വിശദമാക്കുമോ;

(ഇ) സമയബന്ധിതമായി 'ചൈൽഡ് റൈറ്റ് കമ്മീഷൻ' ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വൃദ്ധജനങ്ങളുടെയും അഗതികളുടെയും എണ്ണത്തിലുള്ള വർദ്ധന</u>

1823 ശ്രീ. എം. ഉമ്മർ
,, റ്റി. എ. അഹമ്മദ് കബീർ
,, പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൃദ്ധജനങ്ങളുടെയും അഗതികളുടെയും എണ്ണത്തിലെ സ്വാഭാവിക വർദ്ധനയ്ക്കുപരിയായി അഗതിമന്ദിരങ്ങളിലും വൃദ്ധസദനങ്ങളിലും പ്രവേശിക്കപ്പെട്ടവരുടെ എണ്ണത്തിൽ അടുത്ത കാലത്ത് ക്രമാതീതമായ വർദ്ധന ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആധുനിക ജീവിതസൗകര്യങ്ങൾ സാമൂഹ്യകാഴ്ചപ്പാടിലും കുടുംബബന്ധങ്ങളിലും വരുത്തിയ ആശാസ്യമല്ലാത്ത ചില മാറ്റങ്ങൾ ഈ പ്രവണതയ്ക്ക് കാരണമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേതുൾപ്പെടെ സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര അഗതി, വൃദ്ധസദനങ്ങളുണ്ടെന്നും, അവയിൽ 2013 നവംബറിലെ കണക്കുപ്രകാരം എത്ര അന്തേവാസികൾ ഉണ്ടെന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള എണ്ണം വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷനുകൾക്ക് ആധാർ കാർഡ്</u>

1824 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമ പെൻഷനുകൾക്കായി ആധാർ കാർഡും ബാങ്ക് അക്കൗണ്ടും നിർബന്ധമാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ ;

(ബി) ശയ്യാവലംബികളായ രോഗികളും വൃദ്ധരുമായ സാമൂഹ്യക്ഷേമ പെൻഷൻകാർക്ക് ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) രോഗികളുടെയും വൃദ്ധരുടെയും വിരലടയാളങ്ങൾ പതിയാത്തതിനാൽ ആധാർ കാർഡ് എടുക്കാനാവാതെ തിരിച്ചയച്ചിട്ടുള്ള സാഹചര്യത്തിൽ ഇവരെ ആധാർ കാർഡ്, ബാങ്ക് അക്കൗണ്ട് എന്നിവയിൽ നിന്ന് ഒഴിവാക്കി പെൻഷൻ തപാൽ വകുപ്പ് വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>സാമൂഹ്യസുരക്ഷ പെൻഷൻ</u>

1825 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ നിലവിൽ കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഏതെല്ലാം പെൻഷനുകളുടെ വിതരണത്തിലാണ് കുടിശ്ശികയുള്ളത് എന്നറിയിക്കാമോ ;

(സി) കുടിശ്ശിക തീർക്കന്നതിനായി എന്ത് തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്നറിയിക്കാമോ ?

**കേരള നിയമസഭ**
**21.01.2014–ലെ മറുപടിക്ക്**

<u>സാമൂഹ്യ സുരക്ഷാ പെൻഷൻ</u>

T.1826 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷനുകളുടേയും ധനസഹായങ്ങളുടേയും വർദ്ധിപ്പിച്ച നിരക്കുകൾ അനുസരിച്ചുള്ള തുക ഏത് തീയതിവരെ കൊടുക്കാൻ കുടിശ്ശികയായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ ഇനത്തിലും കൊടുത്ത് തീർക്കാനുള്ള കുടിശ്ശിക എന്ത് തുക വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) സഞ്ചിത നിധിയിൽ നിന്നും വിതരണം ചെയ്തുവരുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കർഹതയുള്ളവരുടെതായ സംസ്ഥാന അടിസ്ഥാനത്തിലുള്ള കണക്കുകൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>സാമൂഹ്യ ക്ഷേമ പെൻഷനുകൾ</u>

1827 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഏതൊക്കെ സാമൂഹ്യ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഓരോ പെൻഷൻ ഇനത്തിലും എത്ര പേർക്ക് എന്ത് തുക വീതം നൽകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഓരോ പെൻഷൻ ഇനത്തിലും നിലവിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>മുതിർന്ന പൗരൻമാരുടെ സംരക്ഷണത്തിനുവേണ്ടി മാറ്റിവച്ച തുക</u>

1828 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തികവർഷത്തിൽ മുതിർന്ന പൗരൻമാരുടെ സംരക്ഷണത്തിനുവേണ്ടി മാറ്റിവച്ച തുക എത്രയാണ്;

(ബി) ആയതിൽ എന്ത് തുക നാളിതുവരെ ചെലവഴിച്ചു; പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാന സർക്കാരിന്റെ കീഴിൽ എത്ര വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു; അവയുടെ വിശദാംശങ്ങളും അന്തേവാസികളുടെ എണ്ണവും വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>വാര്‍ദ്ധക്യ കാല പെന്‍ഷന്‍</u>

1829 ശ്രീ. മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വാര്‍ദ്ധക്യ കാല പെന്‍ഷന്‍ എ.പി.എല്‍, ബി.പി.എല്‍ വ്യത്യാസമില്ലാതെ എത്ര രൂപ വാര്‍ഷിക വരുമാനമുള്ള വര്‍ക്കായിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നത്;

(ബി) വികലാംഗ പെന്‍ഷന്‍ ലഭിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കില്‍ എത്രയെന്ന് വ്യക്തമാക്കാമോ; വികലാംഗ പെന്‍ഷന്‍ ലഭിക്കുന്നതിന് എ.പി. എല്‍, ബി.പി.എല്‍ വ്യത്യാസമുണ്ടോ;

(സി) വികലാംഗ പെന്‍ഷന്‍ തുക വര്‍ദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വികലാംഗരെ പരിചരിക്കുന്ന ആശ്രിതര്‍ക്കും സാമ്പത്തിക സഹായം നല്‍കുന്ന കാര്യം പരിഗണനയില്‍ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വാർദ്ധക്യ പെൻഷൻ നൽകാൻ നടപടി</u>

1830 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി വന്യജീവി സങ്കേതത്തിനുള്ളിലെ ഉപ്പുതറ മേമാരി ആദിവാസിക്കുടിയിലെ 103 വയസ്സുള്ള നീലിക്ക് യാതൊരു വിധത്തിലുള്ള പെൻഷൻ ആനുകൂല്യങ്ങളും ഇതേവരെ ലഭിച്ചിട്ടില്ലെന്ന റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതെക്കുറിച്ച് അന്വേഷിച്ച്, അർഹയെങ്കിൽ പെൻഷനും മറ്റു അർഹതപ്പെട്ട സഹായങ്ങളും അടിയന്തിരമായി നല്കുകയും, ഇത്തരം വിഷയങ്ങളിൽ ആവശ്യമായ നടപടി യഥാസമയം സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ശ്രീ. രാമകൃഷ്ണന് പെൻഷൻ ലഭിക്കാൻ നടപടി

1831 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ധനനും, 8 വർഷക്കാലമായി തളർവാതരോഗബാധിതനുമായ ശ്രീ. രാമകൃഷ്ണൻ (28), s/o. അമ്മാളു, മലയിലകത്തൂട്ട് വീട്, നിർമ്മല്ലൂർ, പനങ്ങാട് പി.ഒ.- പനങ്ങാട് ഗ്രാമപഞ്ചായത്ത്, വാർഡ് -18, പനങ്ങാട് വില്ലേജ്, കൊയിലാണ്ടി താലൂക്ക് എന്ന ആൾക്ക് ഏതെങ്കിലും സാമൂഹ്യസുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അർഹതയുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) ഇല്ലെങ്കിൽ സാമൂഹ്യസുരക്ഷാ പെൻഷനുകൾ സംബന്ധിച്ച ഏത് നിബന്ധനയാണ് തടസ്സമായിരിക്കുന്നത് എന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക വിതരണം</u>

1832 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര മാസത്തെ സാമൂഹ്യക്ഷേമ പെൻഷനുകളാണ് കുടിശികയുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ഇത് എന്നത്തേയ്ക്ക് കൊടുത്ത് തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>സാമൂഹ്യനീതി വകുപ്പിനു കീഴിൽ നടപ്പാക്കുന്ന ക്ഷേമപെൻഷനുകൾ</u>

1833 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിൽ നടപ്പിലാക്കിവരുന്ന ക്ഷേമപെൻഷനുകൾ ഏതെല്ലാമാണ്;

(ബി) എത്ര രൂപ വീതമാണ് പെൻഷൻ നൽകുന്നത്; എത്ര രൂപയാണ് വരുമാന പരിധിയായി നിശ്ചയിച്ചിട്ടുളളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വിവാഹപ്രായം കുറച്ചുകൊണ്ടുള്ള സർക്കുലർ</u>

1834 ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവാഹപ്രായം പതിനാറായി കുറച്ചുകൊണ്ടുള്ള സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള ഉത്തരവ് ഇറക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര വിവാഹങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(ഡി) പതിനെട്ട് വയസ്സ് തികയുന്നതിനുമുമ്പ് പെൺകുട്ടികളുടെ വിവാഹം നടത്തിയാൽ ആയതിന് നിയമപരിരക്ഷ ഭാവിയിലും ലഭിക്കുമെന്ന ചിന്ത രക്ഷിതാക്കളിൽ ഉണ്ടാകുവാനുള്ള സ്ഥിതിവിശേഷം മേൽ ഉത്തരവിലൂടെ സംജാതമായ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>മിശ്ര വിവാഹിതർക്കുള്ള ധനസഹായം</u>

1835 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പുവഴി മിശ്രവിവാഹിതർക്ക് വിതരണം ചെയ്യുന്ന ധനസഹായം ഏതു വർഷം വരെ നൽകി എന്ന് വ്യക്തമാക്കുമോ;

(ബി) എന്ത് തുക വീതമാണ് ഇപ്പോൾ വിതരണം ചെയ്യുന്നതെന്നും ഇതിന് അപേക്ഷിക്കേണ്ട കാലയളവും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ദമ്പതിമാർക്ക് മിശ്രവിവാഹിതർക്കുള്ള ധനസഹായം ലഭ്യമാക്കി എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>പ്രായപൂർത്തിയാകാതെ വിവാഹിതരാകുകയും വിധവകളാകുകയും ചെയ്യുന്നവരുടെ കണക്കുകൾ</u>

1836 ശ്രീ.കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രായപൂർത്തിയാകാതെ വിവാഹിതരാകുകയും വിധവകളാവുകയും ചെയ്യുന്നവരുടെ ലഭ്യമായ കണക്കുകൾ വിശദമാക്കാമോ;

(ബി) അറബികല്യാണങ്ങളും മൈസൂർ കല്യാണങ്ങളും അനാഥമാക്കിയ ജീവിതങ്ങൾ എത്രയെന്ന കണക്കുകൾ ലഭ്യമാണോ; വിശദമാക്കുമോ;

(സി) മൊഴി ചൊല്ലപ്പെടുന്നവരുടെ തുടർ വിദ്യാഭ്യാസത്തിനും തൊഴിൽ ലഭ്യതക്കും നിലവിൽ പദ്ധതികൾ ഉണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>മാതൃകാ അംഗൻവാടി</u>

1837 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ''മാതൃകാ അംഗൻവാടി'' ആരംഭിക്കുന്നതിന് എന്നാണ് ഭരണാനുമതി നൽകിയത്;

(ബി) പ്രസ്തുത ഭരണാനുമതി ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഈ സ്ഥാപനത്തിൽ പദ്ധതി പൂർത്തീകരണം സാദ്ധ്യമാകാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) മാതൃകാ അംഗൻവാടി നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ഒരു നിയമസഭാ മണ്ഡലത്തില്‍ മാതൃകാ അംഗന്‍വാടി</u>

1838 ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഒരു നിയമസഭാ മണ്ഡലത്തില്‍ ഒരു മാതൃകാ അംഗന്‍വാടി സ്ഥാപിക്കുമെന്ന 2012-13 ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം നിയമസഭാ മണ്ഡലത്തിലാണ് ഇത്തരത്തില്‍ അംഗന്‍വാടികള്‍ സ്ഥാപിക്കപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ഇതിനായി എന്ത് തുക നീക്കി വച്ചിരുന്നു; എന്ത് തുക നാളിതുവരെ ചെലവഴിക്കാന്‍ സാധിച്ചുവെന്നറിയിക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

മൂലപ്പിലാവ് അംഗൻവാടി മാതൃക ആക്കാൻ നടപടി

1839 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ പഞ്ചായത്തിലെ നാലാം വാർഡിലെ മൂലപ്പിലാവ് അംഗൻവാടി മാതൃക അംഗൻവാടി ആക്കാനുള്ള ശുപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, മൂലപ്പിലാവ് അംഗൻവാടിയെ മാതൃകാ അംഗൻവാടിയായി പ്രഖ്യാപിക്കാനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>മോഡൽ അംഗൻവാടികൾ</u>

1840 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എവിടെയെല്ലാമാണ് മോഡൽ അംഗൻവാടികൾ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>അംഗൻവാടികളുടെ എണ്ണം</u>

1841 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള അംഗൻവാടികളുടെ എണ്ണം നിശ്ചയിക്കപ്പെട്ട എണ്ണത്തിലും കുറവാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പുതിയ അംഗൻവാടി കേന്ദ്രങ്ങൾ തുറക്കുന്നതിന് സുപ്രീംകോടതിയും കേന്ദ്ര ഗവൺമെന്റും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

(സി) പുതിയ അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് കൂടുതൽ ഫണ്ട് വകയിരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനായി സ്വീകരിച്ചിരിക്കുന്ന ബദൽ മാർഗ്ഗങ്ങളെ സംബന്ധിച്ച വിശദീകരണം നൽകുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ അംഗൻവാടികൾ</u>

1842 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര അംഗൻവാടികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ സ്വന്തം കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതുമായ അംഗൻവാടികൾ എത്രയാണ്;

(സി) സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടം കെട്ടുവാനും സ്ഥലമില്ലാത്തവർക്ക് സ്ഥലം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>അങ്കമാലി മണ്ഡലത്തിൽ അംഗൻവാടികൾക്ക് കെട്ടിടം</u>

1843 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ നബാർഡ് - ആർ.ഐ.ഡി.എഫ്. സ്കീം പ്രകാരം സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും, കാലപ്പഴക്കം കൊണ്ട് പൊളിഞ്ഞു വീഴാറായതും പുനർനിർമ്മാണത്തിന് എസ്.എൽ.എസ്.സി.യുടെ അംഗീകാരം ലഭിച്ചതുമായ അംഗൻവാടികളുടെ പുനർനിർമ്മാണത്തിനും നബാർഡിന്റെ സഹായം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി തെരഞ്ഞെടുത്ത അംഗൻവാടികൾ ഏതെല്ലാമെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) അങ്കമാലി നിയോജകമണ്ഡലത്തിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസലിൽ നിന്നും അംഗനവാടികൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>അംഗൻവാടികൾക്ക് കെട്ടിടം</u>

1844 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം പണിയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്ത അംഗൻവാടികൾക്ക് പഞ്ചായത്ത് തനതു ഫണ്ടിൽ തുക വകയിരുത്തിയാൽ അനുമതി നൽകുന്നതിന് തയ്യാറാകുമോ;

(സി) ഈ അംഗൻവാടികൾക്ക് എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും നൽകുകയാണെങ്കിൽ അനുമതി നൽകുന്നതിന് നിയമതടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിലെ അംഗൻവാടികൾക്ക് കെട്ടിടം</u>

1845 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ സ്വന്തമായി സ്ഥലമുള്ള അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ലിസ്റ്റ് ആവശ്യപ്പെട്ട പ്രകാരം എത്ര അംഗൻവാടികൾക്കാണ് കെട്ടിടനിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>പതിനൊന്ന് കണ്ടി അംഗന്‍വാടിക്ക് കെട്ടിടം</u>

1846 ശ്രീ. പുരുഷന്‍ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കോട്ടൂര്‍ ഗ്രാമപഞ്ചായത്ത് 12-ാം വാര്‍ഡില്‍ ഇ.നം.88 പതിനൊന്ന് കണ്ടി അംഗന്‍വാടിയുടെ 7 സെന്റ് ഭൂമിയില്‍ നബാഡിന്റെ സഹായത്തോടെ ആര്‍.ഐ.ഡി.എഫ് സ്കീം പ്രകാരം കെട്ടിടം നിര്‍മ്മിക്കുന്ന കാര്യം പരിഗണിക്കാമോ;

(ബി) എങ്കില്‍ ഇതു സംബന്ധിച്ച നടപടികള്‍ സ്വീകരിക്കുവാന്‍ ബന്ധപ്പെട്ടവര്‍ക്ക് നിര്‍ദ്ദേശം നല്‍കുമോ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>വികലാംഗ സംവരണ നിയമം</u>

1847 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1995-ലെ വികലാംഗ സംരക്ഷണ നിയമമനുസരിച്ച് നല്കി വരുന്ന 3% സംവരണ പരിധിയിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ മാതാപിതാക്കളെ കൂടി ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇവരെ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ എന്ന് പ്രാവർത്തികമാകുമെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>നിഷ് പ്രവര്‍ത്തന ഫണ്ട്</u>

1848 ശ്രീ. കെ. എന്‍. എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാഷണല്‍ ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH)ന്റെ പ്രവര്‍ത്തനത്തിനാവശ്യമായ ഫണ്ട് ഏതെല്ലാം വിധത്തിലാണ് ലഭിക്കാറുള്ളത് എന്നതിന്റെ വിശദവിവരം നല്കാമോ ;

(ബി) കഴിഞ്ഞ അഞ്ചു വര്‍ഷത്തിനിടയില്‍ ഓരോ വര്‍ഷവും ലഭിച്ച ഫണ്ടിന്റെയും ചെലവഴിച്ച തുകയുടെയും വിശദ വിവരം നല്കാമോ ;

(സി) സ്ഥാപനത്തിന്റെ സുഗമമായ പ്രവര്‍ത്തനത്തിന് ഫണ്ടിന്റെ അപര്യാപ്തത അനുഭവപ്പെടാറുണ്ടോ ; എങ്കില്‍ കൂടുതല്‍ ഫണ്ട് ഏതൊക്കെ വിധത്തില്‍ സ്വരൂപിക്കാമെന്നതു സംബന്ധിച്ച നിര്‍ദ്ദേശങ്ങളെന്തെങ്കിലും പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ?

**കേരള നിയമസഭ**
**21.01.2014-ലെ മറുപടിക്ക്**

<u>നാഷണല്‍ ഇന്‍സിസ്റ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിന്റെ പ്രവര്‍ത്തനം</u>

1849 ശ്രീ. കെ. എന്‍. എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാഷണല്‍ ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന സ്ഥാപനം എന്നാണ് ആരംഭിച്ചത്; അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ ;

(ബി) ഏതെല്ലാം പ്രവര്‍ത്തനങ്ങളാണ് ഇപ്പോള്‍ നടന്നു വരുന്നതെന്നതിന്റെ വിശദവിവരം നല്കാമോ ;

(സി) ഇതിനായി എത്ര സൂപ്പര്‍വൈസറി ഉദ്യോഗസ്ഥരെയും സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്; തസ്തികയും ശമ്പളവും നിയമന തീയതിയും സംബന്ധിച്ച വിശദ വിവരം നല്കാമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

**കേരള അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫയർ ഫണ്ടിന്റെ പ്രവർത്തനം**

1850 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അംഗൻവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് വെൽഫയർ ഫണ്ടിന്റെ പ്രവർത്തനം പരിശോധിക്കാറുണ്ടോ ; വിശദമാക്കാമോ ;

(ബി) ഈ വെൽഫയർ ഫണ്ടിൽ എത്ര പേർ അംഗങ്ങളായുണ്ട് ;

(സി) സംസ്ഥാനത്താകെ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുവെന്നും എല്ലാ അംഗൻവാടികളിലുമായി എത്ര ജീവനക്കാരുണ്ടെന്നും അറിയിക്കാമോ ;

(ഡി) നിലവിൽ എത്ര പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നു; പെൻഷനുവേണ്ടിയുള്ള എത്ര അപേക്ഷകൾ തീർപ്പാകാതെയുണ്ട് ;

(ഇ) പെൻഷനു പുറമെ മറ്റെന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷേമനിധി വഴി ലഭിക്കുന്നത് ; പെൻഷൻ കാലോചിതമായി പരിഷ്കരിക്കാൻ തയ്യാറാകുമോ ;

(എഫ്) പുതിയ അംഗൻവാടികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നിണ്ടോ ; എങ്കിൽ എവിടെയൊക്കെ ;

(ജി) അംഗൻവാടികൾ തുടങ്ങാൻ ആവശ്യമായ മിനിമം സൗകര്യങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>അംഗൻവാടി ജീവനക്കാർക്കുള്ള പെൻഷൻ</u>

1851 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച അംഗൻവാടി ജീവനക്കാർക്കുള്ള പെൻഷൻ സംവിധാനം നടപ്പിലാക്കിത്തുടങ്ങിയോ;

(ബി) നിലവിൽ എന്ത് തുകയാണ് പെൻഷനായി വിതരണം ചെയ്യുന്നതെന്നറിയിക്കാമോ;

(സി) പ്രസ്തുത തുകയിൽ വർദ്ധനവ് വരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ഐ. സി. ഡി. എസ് സൂപ്പര്‍വൈസര്‍മാരുടെ പ്രൊമോഷന്‍

1852 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഐ. സി.ഡി.എസ്. സൂപ്പര്‍വൈസര്‍മാരുടെ പ്രൊമോഷന്‍ നിബന്ധനകള്‍ ഉള്‍പ്പെട്ട സ്പെഷ്യല്‍ റൂള്‍ എന്നാണ് അവസാനമായി പരിഷ്ക്കരിച്ചത്; ഇതിന്‍പ്രകാരം സൂപ്പര്‍വൈസര്‍മാരുടെയും മിനിസ്റ്റീരിയല്‍ ജീവനക്കാരുടെയും പ്രൊമോഷന്‍ റേഷ്യോ എപ്രകാരമാണെന്ന് പറയാമോ;

(ബി) സാമൂഹ്യ നീതി വകുപ്പില്‍ 2013 ജനുവരി മാസം ജീവനക്കാരെ സി.ഡി. പി.ഒ-മാരായി പ്രൊമോഷന്‍ നല്‍കി ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഈ ഉത്തരവിന്റെ വിശദവിവരം നല്‍കാമോ; ഇതു പ്രകാരം എത്ര ഐ. സി.ഡി.എസ്. സൂപ്പര്‍വൈസര്‍മാരും, എത്ര ക്ലര്‍ക്കുമാരും പ്രൊമോട്ട് ചെയ്യപ്പെട്ടു എന്നു പറയാമോ;

(സി) സ്പെഷ്യല്‍ റൂളിലെ പ്രൊമോഷന്‍ സംബന്ധിച്ച നിബന്ധനകള്‍ പാലിച്ചാണോ ഇപ്രകാരം ഉത്തരവിറങ്ങിയത് എന്നു വ്യക്തമാക്കാമോ; പ്രസ്തുത പ്രൊമോഷന്‍ ഉത്തരവു പ്രകാരം സി. ഡി. പി.ഒ മാരായവര്‍ ഓരോരുത്തരും സര്‍വ്വീസില്‍ പ്രവേശിച്ച തീയതി, അവരുടെ എല്‍. ഡി. സി. പ്രൊബേഷന്‍ ഡിക്ലയര്‍ ചെയ്ത തീയതി, അവര്‍ക്ക് ഓരോരുത്തര്‍ക്കും ലഭിക്കേണ്ടിയിരുന്ന അടുത്ത പ്രൊമോഷന്‍ തസ്തിക ഏതായിരുന്നു; പ്രൊമോഷന്‍ ലഭിച്ച തസ്തികയിലെ പ്രൊബേഷന്‍ ഡിക്ലയര്‍ ചെയ്ത തീയതികള്‍; ഇതുവരെ എ. സി. ഡി. പി.ഒ ആയത് ഏത് ഉത്തരവുകള്‍ പ്രകാരമായിരുന്നു തുടങ്ങിയ വിവരങ്ങള്‍ നല്‍കുമോ;

(ഡി) 1991-ല്‍ സര്‍വ്വീസില്‍ പ്രവേശിച്ചവരും ഡിഗ്രി യോഗ്യതയുളളവരുമായ ഐ. സി.ഡി.എസ് സൂപ്പര്‍വൈസര്‍മാര്‍ നിലനില്‍ക്കുമ്പോള്‍ 1996 - ല്‍ സര്‍വ്വീസില്‍ കയറിയ എസ്.എസ്.എല്‍.സി മാത്രം യോഗ്യതയുളള ക്ലര്‍ക്കുമാരെ സി. ഡി. പി.ഒ മാരായി പ്രൊമോട്ട് ചെയ്തിട്ടുണ്ടോ; ഇത് നീതിപൂര്‍വ്വമായിരുന്നോ എന്ന് പരിശോധിക്കുമോ; ഐ. സി.ഡി.എസ്. സൂപ്പര്‍വൈസര്‍മാരുടെ

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

ഇതു സംബന്ധിച്ച ബുദ്ധിമുട്ടുകൾക്ക് അടിയന്തിര പരിഹാരം ഉണ്ടാക്കുമോ;

(ഇ) നിലവിൽ എത്ര സി.ഡി.പി.ഒ ഒഴിവുകളുണ്ട്; ഇതിൽ എത്ര എണ്ണം റിട്ടയർമെന്റ് വേക്കൻസികളാണ്; എന്തുകൊണ്ടാണ് ഐ.സി.ഡി.എസ്.സൂപ്പർവൈസർമാരെ ഇതിലേയ്ക്ക് പ്രൊമോട്ട് ചെയ്യാത്തത് എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വയനാട് ഐ. സി. ഡി. എസ്. ഓഫീസിന്റെ സ്ഥല പരിമിതി</u>

1853 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വയനാട് ജില്ലയിലെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഐ. സി. ഡി. എസ്. ഓഫീസിന്റെ സ്ഥല പരിമിതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഓഫീസ് കൂടുതല്‍ സ്ഥല സൗകര്യമുള്ള സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സാമൂഹ്യനീതി വകുപ്പിന്റെ ജില്ലയിലെ പ്രധാന ഓഫീസ് എന്ന പരിഗണന വച്ച് പ്രസ്തുത ഓഫീസിന് കൂടുതല്‍ സൗകര്യങ്ങള്‍ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

സ്വകാര്യ ട്രസ്റ്റുകൾക്കും ചാരിറ്റബിൾ സൊസൈറ്റികൾക്കും അനുവദിച്ച സാമ്പത്തിക സഹായം

1854 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്തുകളിൽ നിന്നും സാമൂഹ്യനീതി വകുപ്പിൽ നിന്നും സർക്കാർ ഉത്തരവുകളിലൂടെ സ്വകാര്യ ട്രസ്റ്റുകൾക്കും ചാരിറ്റബിൾ സൊസൈറ്റികൾക്കും സാമ്പത്തിക സഹായം നൽകാൻ തിരുമാനിച്ചിരുന്നോ ;

(ബി) എങ്കിൽ ഏതെല്ലാം ട്രസ്റ്റുകൾക്കും ചാരിറ്റബിൾ സൊസൈറ്റികൾക്കും എന്തു തുക വീതം ഏതൊക്കെ തീയതികളിൽ അനുവദിച്ചെന്ന് വിശദമാക്കാമോ;

(സി) ഈ തുക അനുവദിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>അംഗപരിമിതർക്കുവേണ്ടി ദേശീയ നിയമം നടപ്പിലാക്കാൻ നടപടി</u>

1855 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്കായുള്ള ദേശീയ നിയമം സംസ്ഥാനത്ത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി കർമ്മപദ്ധതികൾക്ക് രൂപം നൽകാനുദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) അവസര സമത്വവും അവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>അശരണർക്കും ആലംബഹീനർക്കുമായി നടപ്പാക്കുന്ന വിവിധ പദ്ധതികൾ</u>

1856 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ അശരണർക്കും ആലംബഹീനർക്കുമായി സാമൂഹ്യനീതി വകുപ്പുവഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിയുടെ പേരും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ; വിവിധ പദ്ധതികളുടെ അപേക്ഷാഫാറങ്ങൾ എവിടെനിന്നാണ് ലഭിക്കുന്നത്; ഇവയുടെ പകർപ്പ് ലഭ്യമാക്കാമോ; ഈ പദ്ധതികളുടെ ഗുണഫലങ്ങൾ അർഹരായവർക്ക് എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ഉണ്ടാകുന്ന ലൈംഗിക അതിക്രമം, പീഡനം, ചൂഷണം എന്നിവ തടയുന്നതിനും ഇതിന് ഇരയാകുന്നവർക്ക് ആശ്വാസം നൽകുന്നതിനും സാമൂഹ്യനീതി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്നു വിശദമാക്കാമോ;

(സി) 'നിർഭയ' എന്ന പേരിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത് എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>നട്ടെല്ലിന് ക്ഷതം സംഭവിച്ച് കിടപ്പിലായവർക്ക് ചികിത്സ</u>

1857 ശ്രീ. വി. എം. ഉമ്മർമാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നട്ടെല്ലിന് ക്ഷതം സംഭവിച്ച് കിടപ്പിലായവർക്ക് ചികിത്സ, ഫിസിയോ തെറാപ്പി, തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിന് അനുയോജ്യമായ സെന്റർ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്;

(ബി) ഏതെങ്കിലും സ്ഥാപനങ്ങൾ ഇതിന് വേണ്ട സൗകര്യങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

വിധവ വെൽഫെയർ കോർപ്പറേഷൻ

1858 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിധവകൾക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങൾ സാമൂഹ്യ നീതി വകുപ്പു മുഖാന്തിരം നൽകി വരുന്നുണ്ട്;

(ബി) വിധവകൾക്ക് അർഹതപ്പെട്ട വിധവ പെൻഷൻ, ദേശീയ സാമൂഹ്യസഹായ പദ്ധതി, മക്കൾക്കുള്ള വിവാഹ ധനസഹായം, ശരണ്യ ധനസഹായം തുടങ്ങിയ ആനൂകൂല്യങ്ങൾ വില്ലേജ് ഓഫീസ്, കളക്ടറേറ്റ്, പഞ്ചായത്ത്, എംപ്ലോയ്മെന്റ് ഓഫീസ് എന്നീ വ്യത്യസ്ത കേന്ദ്രങ്ങളിൽ നിന്ന് ആയതിനാൽ ഇവർക്ക് ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) വിധവകൾക്കുള്ള ആനുകൂല്യങ്ങൾ എല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് ആവശ്യമെന്നുണ്ടെങ്കിൽ വിധവ വെൽഫെയർ കോർപ്പറേഷൻ രൂപീകരിക്കാൻ സർക്കാർ മുൻകൈ എടുക്കുമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

വിധവകളുടെ മക്കൾക്ക് ട്യൂഷൻ ഫീസ് സൗജന്യമാക്കാൻ നടപടി

1859 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിധവകളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് ട്യൂഷൻ ഫീസും ഹോസ്റ്റൽ ഫീസും സൗജന്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) 2013-14 - ൽ ട്യൂഷൻ ഫീസ് സൗജന്യം ആക്കുന്നതിന് വകയിരുത്തിയ 3 കോടി രൂപായിൽ എന്തു തുക നാളിതുവരെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വനിതാ വികസന കോർപ്പറേഷനിലെ നിയമനം</u>

1860 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതാ വികസന കോർപ്പറേഷനിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികയിലേക്ക് എന്നു വ്യക്തമാക്കുമോ;

(ബി) നിയമനം നടത്തുന്നതിനായി പാലിച്ച മാനദണ്ഡങ്ങൾ എന്തെല്ലാം എന്നു വിശദമാക്കുമോ;

(സി) റീജ്യണൽ മാനേജർ തസ്തികയിലേക്ക് എത്ര അപേക്ഷകരുണ്ടായിരുന്നുവെന്നും ഇതിൽ നിയമനത്തിനു യോഗ്യത നേടിയവർ ആരെല്ലാമെന്നും ഇവരിൽ ആർക്കൊക്കെ നിയമനം നൽകിയെന്നും അറിയിക്കുമോ;

(ഡി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാത്ത ആർക്കെങ്കിലും നിയമനം നൽകുകയുണ്ടായോ; എങ്കിൽ ഇതു എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) നിയമനത്തിനു സംവരണതത്വം പാലിക്കുകയുണ്ടായോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>'കില'യെ കല്പിത സർവ്വകലാശാലയാക്കാൻ നടപടി</u>

1861 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

'കില'യെ കല്പിത സർവ്വകലാശാലയാക്കി ഉയർത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

'കില'യെ കൽപിത സർവ്വകലാശാലയാക്കാനുള്ള നടപടി

1862 ശ്രീ. പി. എ. മാധവൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എം. എ. വാഹീദ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കില'യെ കൽപിത സർവ്വകലാശാലയാക്കി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും കാര്യക്ഷമമായ പ്രവർത്തനത്തിനും ഇത് എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 12.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.

[ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.